# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1442** — **10.02.2020 ൽ മറുപടിയ്ക്ക്**

**വൈഗ കാർഷിക മേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ. യു. ആർ. പ്രദീപ്**<br>**ശ്രീ. കെ.യു. ജനീഷ് കുമാർ**<br>**ശ്രീ. കെ. ദാസൻ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| എ) | സംസ്ഥാനത്ത് കാർഷികോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയവ ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന വൈഗ പ്രദർശനവും അന്താരാഷ്ട്രശില്പശാലയും തുടർന്നും സംഘടിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | 2016-2017 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയവ ലക്ഷ്യമാക്കി 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും കൃഷി വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. വൈഗ ആദ്യ വർഷം തിരുവനന്തപുരം ജില്ലയിലാണ് സംഘടിപ്പിച്ചത്. പിന്നീടുള്ള വർഷങ്ങളിൽ തൃശ്ശൂർ ജില്ല വൈഗയുടെ സ്ഥിരം വേദിയായി പരിഗണിച്ചുകൊണ്ട് തൃശ്ശൂരിൽ സംഘടിപ്പിച്ചു വരുന്നു. വൈഗ 2016, വൈഗ 2017, വൈഗ 2018, വൈഗ 2020 എന്ന നാമങ്ങളിൽ 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലായി വൈഗ സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞു. 2020-2021 സാമ്പത്തിക വർഷവും വൈഗ നടത്തുന്നതാണ്. |
| ബി) | മുൻവർഷങ്ങളിൽ പ്രസ്തുത മേള സംഘടിപ്പിച്ചതിന്റെ ഫലമായി കൃഷി-കൃഷിയനുബന്ധമേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. കർഷകരിലും യുവാക്കളിലും കാർഷിക സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ വളരെയധികം സഹായകരമാണ്. വൈഗ 2020- ലെ ഒരു സെക്ഷൻ/ ഒരു ദിവസം പൂർണ്ണമായും യുവാക്കൾക്ക് മാത്രമായിരുന്നു. യുവാക്കളുടെ അഭിപ്രായങ്ങൾ അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 04.02.2020-ന് ഒരു ശില്പശാല തിരുവനന്തപുരത്തുള്ള സമേതി എന്ന സ്ഥാപനത്തിൽ വച്ച് നടത്തുകയുണ്ടായി. കൃഷിയിലേയ്ക്കും, സംരംഭകത്വത്തിലേയ്ക്കും യുവ കർഷകരെ ആകർഷിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങളും പ്രസ്തുത വിടവുകൾ ഒഴിവാക്കുവാനുള്ള വിവിധ നിർദ്ദേശങ്ങളും ഈ ശില്പശാലയിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. ഇത്തരം പരിപാടികളിൽ നിന്നും പ്രാഥമിക അറിവ് നേടി |
| സി) | കർഷകരിലും യുവാക്കളിലും കാർഷിക സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ എത്രമാത്രം പങ്കുവഹിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

വരുന്ന ആളുകൾക്ക് പരിശീലനം നൽകുവാനും, അഭിരുചിക്ക് അനുസരിച്ചുള്ള സംരംഭക മേഖലകൾ കണ്ടു പിടിക്കുവാനും അർഹമായ സാമ്പത്തിക ആനുകൂല്യം (ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിൽ) എസ്.എഫ്.എ.സി മുഖേന നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 25 സൂക്ഷ്മ/ ചെറുകിട/ ഇടത്തരം സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി മുഖേന ധനസഹായം നൽകിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം 575 ലക്ഷം രൂപ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കുള്ള സഹായത്തിനായി വകയിരുത്തിയിട്ടുണ്ട്. വായ്പാധിഷ്ഠിത പദ്ധതിയായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസഹായം ബാക്ക് എൻഡ് സബ്സിഡിയായി നൽകി വരുന്നു. നവസംരംഭകർക്കായുള്ള പരിശീലന പരിപാടിയും ഇതിനോടൊപ്പം എസ്.എഫ്.എ.സി നടത്തി വരുന്നുണ്ട്.

കാർഷിക മേഖലയിൽ സംരംഭകത്വത്തിന്റെ സാധ്യത പൊതുജനങ്ങളിലെത്തിക്കാൻ വൈഗ വഴി സാധ്യമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ